In today's Mann Ki Baat, I have had the opportunity to bring forth extraordinary stories of my countrymen, the country and the facets of our traditions. Our country is full of talented people. If you too know of any such individual, speak and write about them and share their accomplishments. My best wishes to you and your family for the forthcoming festivals. However, do remember and more so during the festivals – wear your masks, keep washing your hands with soap and maintain two yards of social distance. Friends, we will speak again in next month's Mann Ki Baat.

Many Many thanks.

**November Days**

| | |
|---|---|
| 1 | - World Vegan Day |
| | - All Saints' Day |
| 2 | - All Souls' Day |
| 3 | (1st Tuesday in November) : Melbourne Cup Day |
| 5 | - World Tsunami Day |
| | - Infant Protection Day |
| | - National Cancer Awareness Day |
| 9 | - Iqbal Day |
| | - Uttarakhand Foundation Day |
| | - Kartarpur Corridor inauguration |
| | - National Legal Services Day |
| 10 | - Transport Day |
| 11 | - Armistice Day (also Remembrance Day ) |
| | - Veterans Day (United States) |
| 12 | - World Pneumonia Day |
| | - Guru Nanak Dev's Birth Anniversary |
| 13 | - World Kindness Day |
| 14 | - World Diabetes Day |
| | - Children's Day |
| 14 | - Jawaharlal Nehru Jayanti |
| 15 | - Jharkhand Foundation Day |
| 17 | - National Epilepsy Day |
| 19 | - International Men's Day |
| 19 | - World Toilet Day |
| 20 | - Universal Children's Day |
| 20 | - Africa Industrialisation Day |
| 21 | - World Television Day |
| 25 | - International Day for the Elimination of Violence against Women |
| 26 | - Constitution Day of India |
| 29 | - International Day of Solidarity with Palestinian People |
| 30 | - (Scotland) - Saint Andrew's Day |
| | - Fourth Thursday of November - Thanksgiving Day (United States) |



# സൂഫിസം



**ബിന്ദു ചാന്ദനി**

ദ്വന്ദ ങ്ങളുടെയും സ്ഥിതി. വക്താവ് ഒന്നുതന്നെ. വക്താവുതന്നെ ശ്രോതാവും മുസ്ലീം പാരമ്പര്യത്തിനകത്തും പുറത്തും ഏറ്റവുമധികം സ്വാധീനം ചെലു ത്തിയ ആത്മീയ ദാർശനികർ ഇബ്നു അറബിയാണ്. മതമീമാംസകൾക്ക് അപരിചിതമായ തലങ്ങളിലേക്കാണ് മതതത്ത്വങ്ങളെ അദ്ദേഹം കൊണ്ടു പോയത്. സാമ്പ്രദായിക മതപണ്ഡിതന്മാർക്ക് അവ സ്വീകാര്യമായിരുന്നില്ല. അതിനാൽ ഏറെ എതിർപ്പുകൾ അദ്ദേഹത്തിന് നേരിടേണ്ടിവന്നു .

**ജലാലുദീൻ റൂമി**

ഇസ്ലാമിക ലോകത്തിലെ ഏറ്റവും ഉന്നതമായ ആധ്യാത്മിക ഗുരുവും കവിയുമാണ് മൗലവി ആത്മീയ സരണിയുടെ ഉപജ്ഞാതാവും മഥ്നവി എന്ന വിശ്വപ്രസിദ്ധ ആത്മീയ കാവ്യത്തിന്റെ കർത്താവുമായ മൗലാനാ ജലാലുദ്ദീൻ റൂമി (1207–1273 ). വിശ്വസാഹിത്യത്തിൽത്തന്നെ ഏറ്റവുമധികം വായിക്കപ്പെടുന്ന ആധ്യാത്മീക ഗീതമാണ് റൂമിയുടെ മഥ്നവി. ഭൗതികവും ആധ്യാത്മികവുമായ ആശയങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ പ്രാർഗതഭ്യമുള്ള ദാർശനികനായിരുന്നു അദ്ദേഹം. ലോകത്തെ മുഴുവൻ മതങ്ങളുടെയും ആധ്യാത്മിക പൈതൃകത്തെ ഉൾക്കൊള്ളാൻ മാത്രം ഇസ്ലാമിക ദൈവശാസ്ത്രത്തിന്റെ അടിത്തറയെ അദ്ദേഹം വിശാലമാക്കി. മഥ്നവിയിലും സമാഹരിക്കപ്പെട്ട ഇതര കവി തകളിലും പ്രഭാഷണങ്ങളിലു മായി റൂമിയുടെ ആശയപ്രപഞ്ചം വ്യാപിച്ചു കിടക്കുന്നു. തനിക്കു ചുറ്റും ഒഴുകിപ്പടർന്നുകിടന്ന ആശയ സാഗരത്തിൽ നിന്നും തനിക്കു ബോധിച്ചത് അദ്ദേഹം സ്വീകരിച്ചു. അവക്ക് കവിതക ളിലൂടെ മനോഹരമായ ആവിഷ്കാരം നൽകി.

> **ഇസ്ലാമിക ലോകത്തിലെ ഏറ്റവും ഉന്നതമായ ആധ്യാത്മിക ഗുരുവും കവിയുമാണ് മൗലവി ആത്മീയ സരണിയുടെ ഉപജ്ഞാതാവും മഥ്നവി എന്ന വിശ്വപ്രസിദ്ധ ആത്മീയ കാവ്യത്തിന്റെ കർത്താവുമായ മൗലാനാ ജലാലുദ്ദീൻ റൂമി (1207–1273 ). വിശ്വസാഹിത്യത്തിൽത്തന്നെ ഏറ്റവുമധികം വായിക്കപ്പെടുന്ന ആധ്യാത്മീക ഗീതമാണ് റൂമിയുടെ മഥ്നവി. ഭൗതികവും ആധ്യാത്മികവുമായ ആശയങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ പ്രാർഗതഭ്യമുള്ള ദാർശനികനായിരുന്നു അദ്ദേഹം.**




വിശുദ്ധ ഗ്രന്ഥമായ ഖുർ ആന്റെ കാതൽ സ്നേഹമാണെന്ന് റൂമി പറയുന്നു. ദൈവം റഹ്മാനും റഹീമുമാണ്. സ്നേഹത്തിൽ നിന്ന് ഉറവെടുക്കുന്ന കാരുണ്യത്തെയാണ് ഈ രണ്ടു വിശേഷണങ്ങളും സൂചിപ്പിക്കുന്നത്. ദൈവം റബ്ബ് ആണ് . സ്നേഹം കൊണ്ടാണ് റബ്ബ് സർവചരാചര ങ്ങളെയും സംരക്ഷിക്കുന്നതും വളർത്തിക്കൊണ്ടു വരു ന്നതും . സ്നേഹമാണ് ദൈവത്തെ ഉദാരനും മാപ്പരുളുന്നവനും പ്രതിഫലം നൽകുന്നവനും ആകുന്നത്. ഈശ്വരനോടുള്ള സ്നേഹത്തിൽ നിന്നാണ് പ്രാർഥന ഉണ്ടാവേണ്ടത്. പ്രണയരഹിതമായ പ്രാർഥന വിരസവും മടുപ്പുള വാക്കുന്നതുമായിരിക്കും. ആത്മസാക്ഷാത്കാരത്തിനുള്ള മനുഷ്യന്റെ ത്വര ദൈവീകമാണ്. അതിനാൽ മനുഷ്യന്റെ ഓരോ ചലനത്തിന്റെയും ലക്ഷ്യം ദൈവമാകുന്നു. ദൈവത്തിലേക്കുള്ള മനുഷ്യന്റെ പ്രയാണം സാർവലൗകി കമാണ്. അജ്ഞാതമായ ഏതോ കാര്യത്തിലുള്ള അന്ധമായ വിശ്വാസമല്ല മതം. ആത്മാവിൽ അനുഭവിച്ചറിയാൻ കഴിയുന്ന, സദാ സന്നിഹിതമായ യാഥാർഥ്യത്തിലുള്ള വിശ്വാസമാണത. റൂമിയുടെ കാഴ്ചപ്പാടിൽ സ്നേഹമാണ് സാർവലൗകിക മതത്തിന്റെ സാരം .

താൻ ദൈവത്തെ കണ്ടെത്തിയത് എങ്ങനെയെന്ന് റൂമി ഒരു കവിതയിൽ വിവരിക്കുന്നുണ്ട്. തന്റെ സ്വത്വത്തെക്കുറിച്ച് ബോധമുദിച്ചതിനുശേഷം ദൈവത്തെ അന്വേഷിച്ച് പല ഇടങ്ങളിൽ അലഞ്ഞു ഒടുവിൽ തന്നിലേക്കുതന്നെ തിരിച്ചെത്തി. സ്വന്തം ഹൃദയത്തിന്റെ വിശുദ്ധ കോവിലിൽ ആണ് ദൈവമുള്ളത്. തത്ത്വചിന്തയിൽനിന്നോ ദൈവശാസ്ത്രത്തിൽനിന്നോ അല്ല ആത്മജ്ഞാനികൾ പ്രചോദനം നേടുന്നത്. വ്യക്തിഗതങ്ങളായ അനുഭവങ്ങളും ബോധ്യങ്ങളുമാണ് അവരുടെ ആത്മീയ ജീവിതത്തിനടിസ്ഥാനം. റൂമിയുടെ കാര്യത്തിലും ഇതു ശരിയാണ്. ശാസ്ത്രവും യുക്തിയും ദൈവശാസ്ത്രവും ഭാവനയും ചിന്തയും എല്ലാം റൂമിയുടെ ആത്മനിഷ്ഠ ദർശനത്തിൽ ഇഴപിരിച്ചെടുക്കാനാവാത്തവിധം ലയിച്ചു ചേരുന്നതായി അദ്ദേഹത്തെ വായിക്കുമ്പോൾ നമുക്കനുഭവപ്പെടുന്നു.

**കോസ്മോളജി**

പ്രപഞ്ച ശാസ്ത്രത്തെ കുറിച്ച് വ്യത്യസ്ത കാഴ്ചപ്പാടുകൾ വെച്ചുപുലർത്തുന്ന അറബ് മുസ്ലീം ചിന്തകരെ കുറിച്ച് മനസ്സിലാക്കാം .

**അൽ കിന്ദി**

അറബ് മുസ്ലീം തത്ത്വചിന്തയുടെ പിതാവും ഗണിത ശാസ്ത്രജ്ഞനും സംഗീതജ്ഞനുമായ അൽ കിന്ദി (801–873)ഇറാക്കിലെ കൂഫയിലാണ് ജനിച്ചത്. ദൈവാസ്തിത്വത്തിനനുകൂലമായി അ?കിന്ദി ഉയർത്തിക്കാട്ടിയ തെളിവ് ഹേതുവാദമായിരുന്നു. ഏതു കാര്യത്തിനും ഒരു കാരണം ഉണ്ടായേ തീരൂ. ഹേതു പരമ്പര നിർണിതമാണ്. അതിനാൽ എല്ലാ ഹേതുക്കൾക്കും മൂല ഹേതുവായ ഒരു യഥാർഥ ഹേതു ഉണ്ടാവണം. ആ മൂലഹേതുവാണ് സത്യം. അതാണ് സ്രഷ്ടാവ്. ഒന്നുമില്ലായ്മയിൽ നിന്നുള്ള സൃഷ്ടിപ്പ് (ഇബ്ദാഅ) ആണ് ദൈവം നടത്തുന്നത് .

പ്രപഞ്ചം സൃഷ്ടി ആയതിനാൽ അതിനൊരു സ്രഷ്ടാവ് അനിവാര്യമാണ് . സ്രഷ്ടാവിന് തുടക്കമോ ഒടുക്കമോ ഇല്ല. സൃഷ്ടിക്ക് തുടക്കമുണ്ട്. അതിനാൽ ഒടുക്കവുമുണ്ട്. മുഴുവൻ സൃഷ്ടികളും കാലക്രമത്തിൽ നശിക്കും. നശിക്കാത്തതായി സ്രഷ്ടാവ് മാത്രമേയുള്ളു. സ്ഥലകാല പരിമിതമായതൊന്നും അനശ്വരമല്ല. പ്രപഞ്ചത്തിലെ സകല പ്രതിഭാസങ്ങൾക്കും ക്രമവും വ്യവസ്ഥയുമുണ്ട് എന്നതാണ് ദൈവാസ്തികൃത്തിന് അൽകിന്ദി ചൂണ്ടിക്കാണിക്കുന്നു . എല്ലാറ്റിനെയും നിയന്ത്രിക്കുന്ന ഒരു മഹാ ശക്തിവിശേഷത്തിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്. സകല ഉണ്മകളിലും അന്ത:സ്ഥിതമായിട്ടുള്ള ക്രമം എന്ന് അൽകിന്ദി പറയുന്നു. ചെറുതും അഭിഭാജ്യവുമായ അണുക്കളാൽ നിർമിതമാണ് വസ്തുക്കൾ എന്നാണ് മുഅതസിലികൾ വിശ്വസിച്ചിരുന്നത് . പദാർത്ഥത്തിന്റെ അനുസ്യൂത ഘടന എന്ന അരിസ്റ്റോട്ടിലിൽ ആശയമാണ് അൽ കിന്ദി സ്വീകരിച്ചത്.

അറബ് ലോകത്ത് തത്ത്വചിന്തക്ക് തുടക്കം കുറിച്ച അൽകിന്ദി പ്രപഞ്ചം ദൈവത്തിന്റെ സൃഷ്ടിയാണെന്നും സൃഷ്ടികൾക്കെല്ലാം തുടക്കമുണ്ടെന്നും തുടക്കമുള്ളതിനെല്ലാം ഒടുക്കമുണ്ടെന്നും സിദ്ധാന്തിക്കുക വഴി തത്ത്വചിന്തയെ നേരത്തെതന്നെ മതത്തിനു വിധേയമാക്കിയിരുന്നു. കാലം, സ്ഥലം, ചലനം ഇവയെ ഗണിതത്തിന്റെ സഹായത്തോടെ വിശകലനം ചെയ്താണ് പ്രപഞ്ചത്തിന്റെ നശ്വരത എന്ന ആശയം അ?കിന്ദി മുന്നോട്ടുവെച്ചത്. ഭൗതിക വസ്തുക്കൾ ദ്രവ്യം, രൂപം എന്നിവ ചേർന്നുണ്ടായതാണ്. സ്ഥലകാലങ്ങളിൽ സഞ്ചരിക്കാൻ ഇവക്ക് കഴിവുണ്ട്. അഥവാ ഓരോ വസ്തു വിലും അഞ്ച് ഘടകങ്ങൾ ഉൾച്ചേർന്നിരിക്കുന്നു. ഇവയാണവ

1. ദ്രവ്യം അഥവ പദാർഥം 2. രൂപം 3.സ്ഥലം 4. ചലനം 5. കാലം

ഇവയിൽ സ്ഥലവും കാലവും ഭൗതിക വസ്തുവിനോട് ചേരുമ്പോൾ നിശ്ചിത പരിധിയുള്ളതായിത്തീരുന്നു. പരിമിതപ്പെടുത്തപ്പെട്ട സ്ഥലത്തിലും കാലത്തിലുമേ ഒരു ഭൗതിക വസ്തുവിന് നിലനിൽക്കാൻ സാധിക്കുകയുള്ളു. കാലം/സമയം ചലനമല്ല. ചലനത്തെ അളക്കുന്ന സംഖ്യയാണ്. മുമ്പു കഴിഞ്ഞതോ ശേഷം വരുന്നതോ ആവാം അത്. സംഖ്യ തുടർച്ചയുള്ളത് , തുടർച്ചയില്ലാത്തത് എന്നിങ്ങനെ രണ്ടു തരമുണ്ട്. അതിനാൽ ഭൂതകാലത്തിൽ നിന്ന് ഭാവികാലത്തിലേക്ക് പുരോഗമിക്കുന്ന സംഭവങ്ങൾ എന്ന നിലക്ക് സമയത്തെ തിട്ടപ്പെടുത്താനും നിർവചിക്കാനും സാധിക്കും. മറ്റു രീതിയിൽ പറഞ്ഞാൽ കഴി ഞ്ഞതോ വരാനിരിക്കുന്നതോ ആയ സംഭവങ്ങളെ സമയരേ ഖയിൽ പ്രതിധാനം ചെയ്യുന്ന സംഖ്യ യാണ് കാലം. എണ്ണത്തെക്കുറി ച്ച ജ്ഞാനത്തിന്റെ ഭാഗമാണ് കാലം എന്നർഥം. സ്ഥലം, ചല നം, കാലം എന്നിവ സംഖ്യകളാ കുന്നു. ദ്രവ്യം, രൂപം എന്നിവ ഗു ണങ്ങളും. സദൃശമായിരിക്കാനോ വ്യതിരിക്തമായിരിക്കാനോ ഉള്ള കഴി വാണ് ഗുണം. ഒരു വസ്തു പരിമിതമാണോ അപരിമിതമാണോ, അല്ലെങ്കിൽ നിർണിതമാണോ അനന്തമാണോ എന്ന് തീരുമാനിക്കുന്നതിൽ അതിന്റെ ഗുണവും ഗണവും പ്രധാനമാണ്. നിശ്ചിത ഗുണമുള്ളതും ഏതെങ്കിലുമൊരു ഗണത്തിൽ ഉൾപ്പെടുന്നതുമായ ഏതൊരു വസ്തുവും പരിമിതവും നിർണിതവുമായിരിക്കും. അങ്ങനെയുള്ളവയെല്ലാം നശ്വരമാണ്. പ്രാപഞ്ചിക വസ്തുക്കളുടെ നശ്വരത മറ്റു രീതികളിലും അൽകിന്ദി സമർഥിക്കുന്നുണ്ട് .

സൃഷ്ടിക്കും സംഹാരത്തിനും വിദൂരവും സമീപസ്ഥവുമായ കാരണങ്ങളുണ്ടാവാം എന്ന് അൽ കിന്ദി അഭിപ്രായപ്പെടുന്നു. വേടൻ മൃഗത്തെ അമ്പെയ്തു കൊല്ലുമ്പോൾ ഈ രണ്ടു കാരണങ്ങളും സംഭവിക്കുന്നു. വേടൻ വിദൂര ഹേതുവാണ്. അമ്പ് സമീപസ്ഥ ഹേതുവും. അമ്പു കൊണ്ട് മുറിവേൽ പിക്കുന്നതു കാരണമായാണ് മൃഗം ചാവുന്നത്. എന്നാൽ അമ്പ് എയ്ത ആളാണ് അമ്പ് എന്ന കാരണത്തെ നിയന്ത്രിച്ചത്. ഋതുഭേദങ്ങൾ ഭൂമിയിൽ സസ്യലതാദികളുടെ വളർച്ചക്കും നാശത്തിനും കാരണമാവുന്നു. ഇതു സമീപസ്ഥ ഹേതുവാണ്. സൂര്യന്റെ ചലനങ്ങളാണ് ഈ സമീപസ്ഥ കാരണ ത്തെ നിയന്ത്രിക്കുന്ന വിദൂരഘടകം. സൂര്യനും ചന്ദ്രനും ഉൾപ്പെടെയുള്ള പ്രപഞ്ചത്തിലെ മുഴുവൻ ഘടകങ്ങൾക്കും *സൃഷ്ടി ബ സ്ഥിതി ബ സംഹാര* പ്രക്രിയയിൽ ദൈവം പങ്ക് നിശ്ചയിച്ചിട്ടുണ്ട്. കാലാവസ്ഥയിൽ സംഭവിക്കുന്ന മാറ്റം ഇതിനു തെളിവാണ്. സ്രഷ്ടാവിന്റെ നിയന്ത്രണത്തിലാണ് എല്ലാ ഹേതുക്കളും .

**അൽറാസി**

ഇസ്ലാമിലെ കിടയറ്റ ഭിഷഗ്വരൻ. തത്ത്വചിന്തകൻ, രസതന്ത്രജ്ഞൻ, സംഗീതജ്ഞനുമായ അൽറാസി (ജനനം ടെഹ്റാൻ 865–932)യുടെ വൈദ്യ ശാസ്ത്ര ഗ്രന്ഥങ്ങൾ പതിനാറാം നൂറ്റാണ്ടിന്റെ അവസാനം വരെ യൂറോപ്പിന്റെ പ്രധാന വൈദ്യശാസ്ത്ര പാഠപുസ്തകങ്ങളായിരുന്നു. യുക്തിയിൽ മാത്രം വിശ്വസിച്ച ദാർശനികനായിരുന്നു റാസി . വൈദ്യത്തിലെന്നപോലെ തത്ത്വചിന്തയിലും പരീക്ഷണവും നിരീക്ഷണവുമാണ് അറിവിന്റെ ഉറവിടങ്ങളായി റാസി കണ്ടത്. അൽറാസി വെളിപാടിനും ആധ്യാത്മിക ഉൾക്കാഴ്ചക്കും മീതെയാണ് യുക്തിക്ക് സ്ഥാനം കല്പിക്കുന്നത്. യുക്തിബാഹ്യമായ ജ്ഞാനസ്രോതസ്സുകളെയൊന്നും അദ്ദേഹം അംഗീകരിച്ചില്ല. അൽ കിന്ദിയുടേതിൽനിന്ന് ഭിന്നമായ നിലപാടായിരുന്നു റാസിയുടേത് .

റാസിയുടെ തത്ത്വചിന്തയുടെ ആധാരശിലയാണ് അഞ്ച് അനശ്വരതകളെക്കുറിച്ചുള്ള തത്ത്വം. റാസിയുടെ ഈ തത്ത്വങ്ങളെ കുറിച്ച് അൽബിറൂനിയിൽ നിന്നാണ് നാം മനസ്സിലാക്കുന്നത് . 1. സ്രഷ്ടാവ് 2. ആത്മാവ് 3. ദ്രവ്യം 4. സ്ഥാനം 5. കാലം എന്നിവയാണ് പ്രസ്തുത അനശ്വരതകൻ. ഇവയിൽ അദ്ദേഹം കാലത്തെ കേവല കാലം, കാലയളവ് എന്നിങ്ങനെ രണ്ടായി വ്യവഹരിക്കുന്നുണ്ട്. തുടക്കമോ ഒടുക്കമോ ഇല്ലാത്ത അനന്തമായ കാലമാണ് കേവല കാലം. കാലയളവ് ആപേക്ഷികമാണ്. സംഖ്യ കൊണ്ട് പരിമിതപ്പെടുത്താൻ അഥവാ എണ്ണിത്തിട്ടപ്പെടുത്താൻ കഴിയുന്നതാണിത് . ഇങ്ങനെ സംഖ്യ കൊണ്ട് അടയാളപ്പെടുത്താൻ സാധിക്കുന്നത് അനശ്വരമോ ശാശ്വതമോ അല്ല.

➲10

# നവംബർ

## ജനനം



02 നിത്യചൈതന്യയതി (1924-1999)
ഡോ.പല്പു (1863-1950)
പി.കെ.പരമേശ്വരൻനായർ (1903)
കലാമണ്ഡലം നീലകണ്ഠൻ നമ്പീശൻ (1919)
05 അമ്പലപ്പുഴ ജഗണപതിശർമ്മ (1907)
06 കെ.എസ്.നമ്പൂതിരി (1936-2003)
07 സി.വി.രാമൻ (1888-1970)
08 ഇളംകുളം കുഞ്ഞൻപിള്ള (1904)
10 ആനി തയ്യിൽ 1918
വി.വി.കെ.വാലത്ത് 1919
അപ്പൻ തച്ചേത്ത് 2011



11 ചിത്തിര തിരുനാൾ ജയന്തി
കെ.പി.ഉറൂമീസ് 1913
14 ശിശുദിനം (ജവഹർലാൽ നെഹ്റു) 1889
സി.ജെ.തോമസ് (1918)
പാറപ്പുറത്ത് 1924
കെ.ടി.രാമവർമ്മ 1931



15 ജസ്റ്റീസ് വി.ആർ.കൃഷ്ണയ്യർ 1915
17 ചിറയ്ക്കൽ ബാലകൃഷ്ണൻനായർ 1907-1977
18 ആർട്ടിസ്റ്റ് പി.ജെ.ചെറിയാൻ 1891
20 എൻ.ഇ ബലറാം 1919
പ്രൊഫ.കെ.സുജാത 1944
22 എം.ആർ.ബാലകൃഷ്ണവാര്യർ 1896
എം.പി.നാരായണപിള്ള 1939



23 എ.ബാലകൃഷ്ണവാരിയർ 1917
ഡോ.കെ.കെ.രാഹുലൻ 1930-2011
കേശവൻ വെള്ളിക്കുളങ്ങര 1944-2014
25 കെ.രാഘവൻപിള്ള 1920
പി.ഐ.സെയ്തുമുഹമ്മദ് 1930
26 ടി.സി.കല്യാണിയമ്മ 1879
വാസുപ്രദീപ് 1931-2011
27 ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള 1864
വടക്കുംകൂർ രാജരാജവർമ്മ 1891
28 ടി.വി.കൊച്ചുബാവ 1955
30 സി.എസ്.സുബ്രഹ്മണ്യൻ പോറ്റി 1875



## തുടക്കം

01 കേരളപ്പിറവി (1956)
തിരുവിതാംകൂർ സർവകലാശാല തുടക്കം (1937)
ജ്ഞാനനിക്ഷേപം തുടക്കം (1948)
മലയാള സർവകലാശാല തുടക്കം (2012)
04 അന്താരാഷ്ട്ര കഥകളികേന്ദ്രം
(ന്യൂഡൽഹി) തുടക്കം - 1960
06 - വള്ളത്തോൾ മ്യൂസിയം തുടക്കം
(കലാമണ്ഡലം) 1977
07 ഒക്ടോബർ വിപ്ലവം 1917
09 കേരള കലാമണ്ഡലം തുടക്കം 1930
12 ക്ഷേത്രപ്രവേശന വിളംബരം 1936
15 ജനയുഗം ദിനപത്രം തുടക്കം 1953
22 കേരള ലളിതകലാ അക്കാദമി 1962



## ചരമം

01 കെ.എ.ദാമോദരമേനോൻ 1980
ഇ.പി.ഗോപാലൻ 2001
വി.കെ.മാധവൻകുട്ടി 2005



03 പി.നരേന്ദ്രനാഥ് 1991
ആർ.നരേന്ദ്രപ്രസാദ് 1946
പ്രൊഫ.തൃക്കൊടിത്താനം ഗോപിനാഥൻനായർ 2008
05 ജോസഫ് മറ്റം 2013
06 സി.ആർ.കേശവൻവൈദ്യർ 1999
അഴകത്തു പത്മനാഭക്കുറുപ്പ് 1931
07 അപ്പു നെടുങ്ങാടി 1933
08 പ്രൊഫ.ബി.ഹൃദയകുമാരി 2014
09 കെ.പി.കേശവമേനോൻ 1978
ഫാ.ക്ലമന്റ് പിയാനിയോസ് 1782
ടി.ആർ.നായർ 1990
സി.അച്യുതക്കുറുപ്പ് 2000



10 എം.പി.ശങ്കുണ്ണിനായർ 2006
11 ഡി.എം.പൊറ്റെക്കാട് 1971
ഫാ.സി.കെ.മറ്റം 1956
പി.കെ.കാളൻ 2007
13 കലാമണ്ഡലം ശങ്കരൻ എമ്പ്രാതിരി 2007
എം.കൃഷ്ണൻകുട്ടി 2014



14 വേങ്ങയിൽ കുഞ്ഞുരാമൻനായർ 1914
16 ആചാര്യ നരേന്ദ്രഭൂഷൺ 2010
17 ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ 1966
പത്മനാഭൻ ഉണ്ണി 1962
18 കോട്ടയ്ക്കൽ പി.വി.കൃഷ്ണവാരിയർ 1958
കെ.എസ്.നീലകണ്ഠനുണ്ണി 1980
19 രാമവർമ്മ അപ്പൻതമ്പുരാൻ 1941
എൻ.എൻ.പിള്ള 1995
കെ.എം.ജോർജ് 2002
20 കൊടുപ്പുന്ന ഗോവിന്ദഗണകൻ 1988
വേദബന്ധു 1995
വി.കെ.നാരായണഭട്ടതിരി 1954



21 കെ.പി.എസ്. മേനോൻ 1982
കെ.പി.ബി.പാട്യം 1969
രാഘവൻ തിരുമുൽപ്പാട് 2010
ഏറ്റുമാനൂർ സോമദാസൻ 2011
22 മങ്കട രവിവർമ്മ 2010
പി.ഗോവിന്ദപ്പിള്ള 2012
24 പൊൻകുന്നം ദാമോദരൻ 1994
സി.എസ്.സുബ്രഹ്മണ്യൻപോറ്റി 1954
പൗലോസ് മാർ ഗ്രിഗോറിയോസ് 1996



25 പി.കെ.പരമേശ്വരൻ നായർ 1988
ടി.വി.കുഞ്ഞുബാവ 1999
26 കെ.സി.പീറ്റർ 1997
ഹബീബ് വലപ്പാട് 2006
27 വെണ്മണി അച്ഛൻ നമ്പൂതിരിപ്പാട് 1890
എം.എൻ.ഗോവിന്ദൻനായർ 1984
28 കെ.ആർ.പ്രസാദ് 2011
29 കെ.സുജാത 1993
ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാർ 1904
ടി.സുബ്രഹ്മണ്യൻ തിരുമുമ്പ് 1984
കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള 1936
സി.കൃഷ്ണൻ 1938
ശീവൊള്ളി നാരായണൻ നമ്പൂതിരി 1905
30 പഴശ്ശി തമ്പുരാൻ 1805
കിളിമാനൂർ രമാകാന്തൻ 2000



www.timesofamericanmalayali.com

അമേരിക്കൻ മലയാളിയുടെ സമ്പൂർണ്ണ വാർത്താപത്രിക

ഫിച്ചർ, സ്മരണ, കഥ, കവിത തുടങ്ങിയ സർഗാത്മക സൃഷ്ടികൾ ക്ഷണിക്കുന്നു.

പ്രശസ്തരുടെ സ്മരണകൾ അമേരിക്കൻ മലയാളികൾക്ക് ഈ പംക്തിയിലൂടെ ജീവിതാനുഭവങ്ങൾ അവതരിപ്പിക്കാം.

കൂടുതൽ വിവരങ്ങൾക്ക് + 94473 55710, 89215 87848 georgethazhakara@gmail.com

# വേദന നൽകുന്ന സന്ദേശം

ഇന്ന രോഗം, അല്ലെങ്കിൽ ഇന്ന പ്രശ്നം ഉള്ളതുകൊണ്ടാണ് വേദന ഉണ്ടാകുന്നത്. വേദന ഒരു രോഗമല്ല. അത് സൂചനമാത്രമാണ്.

സന്തോഷമനുഭവിക്കുന്നതിന് ഒരു ശക്തിയുണ്ടെങ്കിൽ വേദന അനുഭവിക്കുമ്പോൾ അതിന് ആയിരം ശക്തിയാണുള്ളത്. ഒരു നല്ല കാര്യം കേൾക്കേണ്ട സ്ഥാനത്ത് ചീത്തയായ ഒരു കാര്യം കേൾക്കേണ്ടിവരുമ്പോൾ അതിന്റെ ശക്തി ആയിരം മടങ്ങായിട്ടാണ് തോന്നുന്നത്. ആയിരം നല്ലകാര്യങ്ങൾ കേട്ടാലും അത്രത്തോളം അത് ശക്തമാകുകയില്ല. ശരീരത്തിന് എങ്ങനെ വ്യത്യാസമുണ്ടോ അതുപോലെതന്നെ മനസ്സിനും വ്യത്യാസമുണ്ട്. ഈ പുസ്തകം വായിച്ച അതേ സമയത്തുതന്നെ മറ്റൊരു പുസ്തകവും വായിക്കാൻ ഇടയായി.

*ദ റോഡ് ലസ് ട്രാവൽ* എന്നാണ് ആ പുസ്തകത്തിന്റെ പേര്. ഒരു മാനസികരോഗവിദഗ്ദ്ധൻ തന്റെ മുപ്പതുവർഷത്തെ മനോരോഗികളെ ചികിത്സിച്ച അനുഭവത്തിൽ നിന്ന് എഴുതിയതാണത്. കുറച്ചുപേർ സഞ്ചരിക്കുന്ന വഴി. ഇതിനെക്കുറിച്ച് വേദപുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്.

നാശത്തിലേക്കുള്ള വഴി വീതിയുള്ളതും വിശാലവും അതിലൂടെ കടക്കുന്നവർ അനേകരത്രെ. ജീവിതത്തിലേക്കുള്ള വഴി ഇടുങ്ങിയതും ഞെരുങ്ങിയതും അതിലൂടെ കടക്കുന്നവർ ചുരുക്കവുമത്രെ. ചുരുക്കംപേർ സഞ്ചരിക്കുന്ന വഴിയെക്കുറിച്ചാണ് സ്കോട്ട്ബക്ക് പറയുന്നത്.

അച്ചടക്കമില്ലാതെ വളരുന്ന മനസ്സാണ് മാനസികരോഗത്തിനു കാരണം. വേദനയോട് നാം പ്രതികരിക്കുന്ന രീതിയാണ് നമ്മെ വളർത്തുന്നത്. ഇരിക്കുന്നിടത്തുനിന്നും ചലിക്കുന്നത് അവിടെ വേദന അനുഭവപ്പെടുന്നതുകൊണ്ടാണ്. വേദനയോട് പ്രതികരിക്കുന്ന രീതിയാണ് അച്ചടക്കത്തിലേക്ക് നയിക്കുന്നത്. നാലുകാര്യങ്ങളാണ് ആ കൃതിയിൽ പറയുന്നത്. ഒന്ന് ആശയതലം. സെമിനാരികളിൽ ആശയടക്കത്തെക്കുറിച്ച് പഠിപ്പിക്കാറുണ്ട്. കോൺവന്റുകളിലും സെമിനാരികളിലും മാത്രമല്ല ആശയടക്കം പരിശീലിക്കേണ്ടത്. എല്ലാവരുടേയും ജീവിതത്തിൽ പരിശീലിക്കേണ്ടതാണ്. എന്റെ മാതാപിതാക്കളും ഇവിടെയുണ്ട്. ആശയടക്കത്തെക്കുറിച്ച് പറയുമ്പോൾ ഒരു കാര്യം എന്റെ ഓർമ്മയിലെത്തുന്നു. പനംപാനി എനിക്ക് വലിയ ഇഷ്ടമാണ്. കുറെയൊക്കെ ഞങ്ങൾ കഴിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ മമ്മി പറഞ്ഞു ഇനി ആരും എടുക്കേണ്ടായെന്ന്. വല്യപ്പച്ചന് ചക്കപ്പഴം പാനികൂട്ടി കഴിക്കാൻ വലിയ ഇഷ്ടമാണ്. അപ്പോഴെടുക്കാമെന്നു പറഞ്ഞു. ഞാൻ അവിടെ കിടന്ന് ഉരുണ്ട് ഒരു ബഹളം നടത്തി. അതൊരു വേദനയുടെ അനുഭവമായിരുന്നു. എനിക്ക് അപ്പോൾതന്നെ പാനി കിട്ടണം. അതൊരു ആഗ്രഹമാണ്. ആശയാണ്. എന്നാൽ അത് അപ്പോൾ കിട്ടിയില്ല. പക്ഷേ ഒരുറപ്പ് ഉണ്ടായിരുന്നു. പിന്നെത്തരാമെന്ന്. ആശയടക്കം കുട്ടികളെ പഠിപ്പിക്കുന്നത് ഇങ്ങനെയായിരിക്കും.

ആശ നമുക്ക് വേണ്ടിയതുതന്നെയാണ്. ശരീരത്തിൽ നാം ജീവിക്കുമ്പോൾ ശരീരത്തിന്റെ ആശകളും ആഗ്രഹങ്ങളും നിറവേറ്റുവാൻ നാം ബാധ്യസ്ഥരാണ്. എന്നാൽ അത് അടക്കുകയെന്നുള്ളതും അത്യാവശ്യമാണ്. ഇന്ന് കാണുന്ന എല്ലാ ക്രോണിക് ഡിസീസസ്സും നമ്മുടെ ജീവിതരീതിയുമായി ബന്ധപ്പെട്ടതാണ്. ആശയടക്കവുമായി ബന്ധപ്പെട്ട ഒരു കാര്യമാണത്.

ആർ.സി.സിയിലെ ഒരു ഡോക്ടറുടെ പ്രസംഗം കേൾക്കുവാൻ ഇടയായി. കാൻസറിനെക്കുറിച്ച് ഒടുവിൽ കിട്ടിയ പഠനം അദ്ദേഹം വെളിപ്പെടുത്തുകയുണ്ടായി. കാൻസറിനു നാലു കാരണങ്ങളേയുള്ളുവെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്. ഒന്നാമത്തേത് പുകയില, രണ്ടാമത്തേത് കാനറി ഇൻ ബാലൻസ്. ആവശ്യത്തിൽ കൂടുതൽ കലോറിയുള്ള ആഹാരം മൂലം. നമ്മുടെ ജോലിക്കും എക്സർസൈസിനും കൂടുതലായിട്ടുള്ള ഭക്ഷണം. ഏതെങ്കിലും തരത്തിലുള്ള ഇൻഫെക്ഷൻസാണ് മൂന്നാമത്തെ കാരണം. എക്സർസൈസ് ഇല്ലായ്മയാണ് നാലാമത്തെ കാരണം. രണ്ടാമത്തേതും നാലാമത്തേയും ബന്ധപ്പെട്ട കാര്യങ്ങളാണ്. ഈ നാലു കാരണങ്ങൾ ഒഴിവാക്കാമെങ്കിൽ കാൻസർ പൂർണ്ണമായും ഒഴിവാക്കാമെന്നാണ് അഭിപ്രായപ്പെട്ടത്.

പുകവലി തുടങ്ങുന്നതും തുടരുന്നതും ശീലിക്കുന്നതും അച്ചടക്കരാഹിത്യത്തിന്റെ ഭാഗമാണ്. വേണ്ടതിലധികം കഴിക്കുക. വയറും നിറഞ്ഞ് വായ് നിറയുവാൻ കഴിക്കും. അതാണ് കുഴപ്പത്തിലേക്ക് നയിക്കുന്നത്.

നമ്മുടെ ജീവിതരീതി ഒരുപാടു മാറിയിട്ടുണ്ട്. ശാരീരികമായ ചലനങ്ങൾ വളരെ കുറഞ്ഞുവരുന്നു. കൃഷിക്കാരിലും വേട്ടക്കാരിലും ഒരുപാട് കായികാദ്ധ്വാനം ഉണ്ടായിരുന്നു. അമ്പതുവർഷംകൊണ്ട് ജീവിതരീതിയിൽ നാടകീയമായ മാറ്റവും വേഗതയും സംഭവിച്ചു. എല്ലാം യാന്ത്രികമായി. നാം കഴിക്കുന്ന ആഹാരം പലതും നമുക്ക് ആവശ്യമില്ലാത്തതാണ്.

ഇന്ത്യൻ ചിന്തയിലും ശാസ്ത്രത്തിലും ലളിതമായും ഭംഗിയായും ചെയ്യേണ്ടതുണ്ട്. ആശ്രമസിദ്ധാന്തങ്ങളും അവിടുത്തെ ഭക്ഷണരീതിയും ക്രമീകരിച്ചിട്ടുണ്ട്. ആഹാരശാസ്ത്രത്തെക്കുറിച്ച് നാം ബോധവാന്മാരാകേണ്ടതുണ്ട്. ബ്രഹ്മചാരികൾക്ക് വയറുനിറയെ കഴിക്കാം. അത് ഇരുപത് ഇരുപത്തിരണ്ട് വയസ്സുവരെയുള്ള കാലമാണ്. ഗൃഹസ്ഥാശ്രമക്കാർക്ക് മുക്കാൽഭാഗമെ കഴിക്കാൻ പാടുള്ളു. വാനപ്രസ്ഥത്തിൽ അരവയറേ പാടുള്ളു. സംന്യാസത്തിൽ കാൽഭാഗമേ കഴിക്കാൻ പാടുള്ളു.

മൂന്നും നാലും ചപ്പാത്തി തിന്നുന്നവരുടെ കൂട്ടത്തിലിരിക്കുമ്പോൾ പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനി ഒരു ചപ്പാത്തി മാത്രമേ കഴിക്കാറുണ്ടായിരുന്നുള്ളു. കാൽവയറിന്റെ പ്രമാണം തിരുമേനി മുറുകെ പിടിച്ചിരുന്നു.

ശരീരത്തിന്റെ ആരോഗ്യം എങ്ങനെയാണ് മനസ്സുമായി ബന്ധപ്പെട്ടിരിക്കുന്നത്. മനസ്സാണ് ശരീരത്തിന് റിലീവ് ചെയ്യുന്നത്. നമ്മൾ എന്തു പഠി



# സൂഫിസം



പ്രപഞ്ചത്തിന്റെ നിലനിൽപിന് മേൽസൂചിപ്പിച്ച അഞ്ച് അനശ്വരതകൾ അനിവാര്യമാണെന്ന് റാസി സിദ്ധാന്തിച്ചു. സ്ഥലമില്ലാതെ ഒന്നിനും സ്ഥിതി ചെയ്യാനാവില്ല . ഒരു വസ്തുവെ പഴയതും പുതിയതും ആക്കുന്നത് കാലമാണ്. ജീവനുള്ള വസ്തുക്ക?ക്ക് ആത്മാവ് ഉണ്ടായിരിക്കണം. ദ്രവ്യങ്ങൾ ചേരുമ്പോഴാണ് വസ്തുക്ക? ഉണ്ടാവുന്നത്. കുറ്റമറ്റ രീതിയിൽ ഇവയെല്ലാം ഉണ്ടാവണമെങ്കിൽ സ്രഷ്ടാവ് അനിവാര്യമാണ്. പ്രപഞ്ചത്തിലെ അനിവാര്യ അസ്തിത്വങ്ങളാണ് ഈ അഞ്ച് അനശ്വരതകൾ.

അഞ്ച് അനശ്വരതകളിൽ രണ്ടെണ്ണം സജീവവും സക്രിയവുമാണ്. സ്രഷ്ടാവ്, ആത്മാവ് എന്നിവയാണവ. ഒന്ന് നിർജീവവും നിർഗുണവുമാണ്. ദ്രവ്യം അഥവാ പദാർഥം ആണത്. അണുക്കളാൾ നിർമിക്കപ്പെടുന്നതാണ് വസ്തുക്കൾക്കാധാരമായ പദാർഥം. ഓരോ ആറ്റത്തിനും പിണ്ഡമുണ്ട്. അല്ലെങ്കിൽ ഒരു വസ്തുവും രൂപപ്പെടുമായിരുന്നില്ല. ലോകം നശിപ്പിക്കപ്പെട്ടാൽ അത് അണുക്കളായി വിഘടിക്കും. ഒന്നും ശൂന്യതയിൽനിന്ന് ഉണ്ടാവുന്നില്ല എന്നതിനാൽ പദാർഥം നേരത്തെ ഉണ്ടായിരുന്നു എന്ന് സങ്കൽപിക്കേണ്ടിയിരിക്കുന്നു. ഏറ്റവും സാന്ദ്രമായ ദ്രവ്യമാണ് ഭൂമിയാവുന്നത്, ഏറ്റവും ശുദ്ധമായ ദ്രവ്യം വെള്ളവും സാന്ദ്രത കുറഞ്ഞ് നേർത്ത ദ്രവ്യം വായുവും അതിനെക്കാൾ നേർത്തത് അഗ്നിമാകുന്നു. പദാർഥ കണികകൾ ചേർന്നാണ് വസ്തുക്കളുണ്ടാക്കുന്നത്. ദൈവം സൃഷ്ടിക്കുന്നു എന്നു പറയുമ്പോൾ ഇല്ലായ്മയിൽ നിന്ന് എന്തെങ്കിലും ഉണ്ടാക്കുന്നു എന്നല്ല, ഉള്ള പദാർഥങ്ങൾ സംയോജിപ്പിച്ച് പുതിയ വസ്തുക്കൾക്ക് രൂപം നൽകുന്നു. അതിനാൽ പദാർഥം നേരത്തെയുണ്ട്. അത് അനശ്വരമാണ്. മറ്റു രണ്ടെണ്ണംബ സ്ഥലം, കാലം സജീവമോ നിർജീവമോ സക്രിയമോ നിഷ്ക്രിയമോ അല്ല. സ്ഥലം (മകാൻ) എന്നതു പോലെ ശൂന്യത (ഖലാഅ)യുമുണ്ടാവും.

യവന വൈദ്യപണ്ഡിതൻ ഗാലന്റെ പല നിഗമനങ്ങളുമായി റാസി വിയോജിപ്പു രേഖപ്പെടുത്തിയിട്ടുണ്ട്.

**ഉമർ ഖയ്യാം**

കവിയും ദാർശനികനും ശാസ്ത്രജ്ഞനുമായ ഉമർ ഖയ്യാം (ജനനം നിഷാപൂർ, ഇറാൻ 1048–1131) മുസ്ലീം ധൈഷണിക ചരിത്രത്തിലെ അപൂർവ പ്രതിഭകളിലൊന്നായി വിലയിരുത്തപ്പെടുന്നു. ഗണിതശാസ്ത്രത്തിനും തത്ത്വചിന്തക്കും ഗണ്യമായ സംഭാവനകൾ നൽകിയെങ്കിലും റുബാഇയ്യാത്തിന്റെ കീർത്തിയിൽ അവ മുങ്ങിപ്പോവുകയാണുണ്ടായത്. ഇബ്നുസിനയുടെ ഇശാറാത്ത് എന്ന കൃതിയിൽ ആകൃഷ്ടനായ ഖയ്യാം ജീവിതാന്ത്യം വരെ ആ കൃതി പാരായണം ചെയ്തുകൊണ്ടിരുന്നു. സംവാദസദസ്സുകളിൽ ഉമർ ഖയ്യാം സംബന്ധിക്കാറുണ്ടായിരുന്നില്ല. എങ്കിലും ഏകാംഗ സർവകലാശാലയായി അദ്ദേഹം പ്രശസ്തനായി. അന്തർമുഖനായിരുന്നെങ്കിലും പണ്ഡിതന്മാരുമായുള്ള സൗഹൃദം ഉമർ ഖയ്യാം ഇഷ്ടപ്പെട്ടു.

കൺമുന്നിൽ കാണുന്നതെല്ലാം നശ്വരമാണ് എന്ന ബോധമാണ് ഉമർ ഖയ്യാം പകർന്നുതരുന്ന ജ്ഞാനവീഞ്ഞിന്റെ ഒന്നാമത്തെ തുള്ളി. ജീവിതം നശ്വര മാണ്. സഹനങ്ങളുടെ ഇടവിടവില്ലാത്ത ചക്രമാണ് ജീവിതം. നല്ലവനായ ദൈവം എന്തിനിങ്ങനെ, ഒരു തീർച്ചയിലും സ്വയം എത്തിച്ചേരാനാവാത്ത ജീവിതം നമുക്ക് നൽകി എന്ന ചോദ്യത്തിന് ഉത്തരമില്ല . അതിനാൽ ഈ കാണുന്ന യാഥാർഥ്യത്തെ അതേപടി സ്വീകരിക്കുകയേ നിർവാഹമുള്ളു . ഇവിടെ ഇപ്പോൾ എന്നതിനെ എങ്ങനെ സമീപിക്കണം എന്നതാണ് ഖയ്യാ മിനെ അലട്ടുന്ന ദാർശനിക പ്രശ്നം .

ജീവിതത്തിനുമേൽ അസ്ഥിരതയുടെ മുദ്രചാർത്തുന്ന മരണം ഖയ്യാമിയൻ ചിന്തയുടെ പ്രധാന വ്യവഹാര മണ്ഡലങ്ങളിലൊന്നായത് സ്വാഭാവികമാണ്. മരണം ജീവിതത്തെ വ്യാഖ്യാനിക്കാനുള്ള ഉപാധിയാണ് ഖയ്യാമിന്. മരണം നിഗൂഢതകളിലേക്കുള്ള തുറവിയാണത്. എന്നാൽ ആ ദിവ്യരഹസ്യങ്ങൾ നമ്മുടെ ജ്ഞാനേന്ദ്രിയങ്ങൾക്കപ്പുറത്താണ്. അസ്തിത്വപരമായ പൂർവനിശ്ചിതത്വത്താൽ ബന്ധിതമാണ് മനുഷ്യജന്മം. നാം സ്വയം തെരഞ്ഞെടുത്തതല്ല ഈ ജീവിതം. നിയതി നമുക്ക് നൽകിയതാണിത്. അസ്തിത്വം അതിന്റെ ചതുരംഗപ്പലകയിൽ നമ്മെ കൊണ്ടുവന്നു നിർത്തിയിരിക്കുന്നു. നിരാസക്തമായി ഈ കളിയിൽ പങ്കുചേരാൻ ജ്ഞാനത്തിന്റെ വീഞ്ഞ് നമ്മെ സഹായിക്കും. ഈ ജ്ഞാനത്തിന്റെ വിഞ്ഞ് കുടിച്ച് ജീവിതത്തെ ഭയമില്ലാതെ നേരിടുക എന്ന്ഖയ്യാം ആഹ്വാനം ചെയ്യുന്നു. ജ്ഞാനം എല്ലാ ഭയങ്ങളിൽ നിന്നും നമ്മെ സ്വതന്ത്രരാക്കും . ജീവിതത്തിന്റെ സ്ഥിരതയില്ലായ്മ, തിന്മയും ദൈവിക നീതിയും, മനുഷ്യാവസ്ഥ, മരണം. ഇവയാണ് റുബാഇയ്യാത്തിന്റെ ദാർശനിക പ്രമേയങ്ങളായി പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നത് .

റുബാഇയ്യാത്തിന് ആധ്യാത്മിക വ്യാഖ്യാനം രചിച്ചവരാവട്ടെ സൂഫിസത്തിന്റെ ഹൃദയവും ആത്മാവുമാണ് അതിൽ ഉപദർശിക്കുന്നത്. ഈശ്വരചൈതന്യത്തിന്റെ അതിശയത്വം , അനുരാഗം , ആത്മീയയാത്ര സത്താപരമായ ഏകത തുടങ്ങിയ സൂഫിസത്തിന്റെ പ്രധാന പ്രമേയങ്ങളെല്ലാം റുബാഇയ്യാത്തിൽ അവർ വായിക്കുന്നു .

തത്ത്വചിന്ത പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർ മതപരിത്യാഗികളായി പരിഗണിക്കപ്പെടുകയും അക്കാരണത്താ?ത്തന്നെ തത്ത്വചിന്തയെ മതത്തിന്റെ വെളിച്ചത്തിൽ സാധുകരിക്കേണ്ടത് തത്ത്വചിന്തകരെ സംബന്ധിച്ചിടത്തോളം ജീവമരണ പ്രശ്നമായിരുന്നു. നിരവധി സൂക്തങ്ങളിൽ ഖുർആൻ യുക്തിചിന്തയെ പ്രോത്സാഹിപ്പിക്കുന്നു. ഇഅതിബാൻ എന്ന പദമാണ് ഈ ചിന്തയെ സൂചിപ്പിക്കുന്നുന്നതിന് ഖുർ ആൻ ഉപയോഗിച്ചിട്ടുള്ളത്. അനുമാനങ്ങൾ വഴി അറിയപ്പെടുന്നതിൽ നിന്ന് അറിയപ്പെടാത്തതിലേക്ക് എത്തിച്ചേരലാണ് ഖുർ ആൻ നിർദ്ദേശിക്കുന്ന ചിന്താപ്രക്രിയ.

# വേദന നൽകുന്ന സന്ദേശം

പ്പിക്കുന്നുവോ അതുപോലെ അത് ചെയ്യും. എന്തിനുവേണ്ടി നാം ചെയ്യണം എന്നതിനാണ് പ്രാധാന്യം.

ഒരു ശവപ്പെട്ടിയിൽ നിന്നുമാണ് ശരീരശാസ്ത്രത്തിന്റെ വൈദികപഠനം പരിശീലിക്കുന്നത്. ഒരു ശവപ്പെട്ടി വച്ചിട്ട് നിങ്ങൾ അതിനകത്ത് കിടക്കുന്നതായി സങ്കല്പിക്കണം. നിങ്ങൾ അവിടെ കിടക്കുമ്പോൾ നിങ്ങളെ കാണാൻ ആരൊക്കെ വരും. വരുന്നവരൊക്കെ എന്തു പറയും എന്നൊക്കെ ചിന്തിക്കാൻ പറയും. എനിക്കത് ആദ്യം അത്ഭുതമായിരുന്നു. ഇതൊക്കെ ഒരു പള്ളിവർത്തമാനം പോലെയാണല്ലോയെന്ന്. എന്നാൽ മനഃശാസ്ത്രമെന്നു പറയുന്നത് അതുപോലെതന്നെയാണ്. വലിയ വ്യത്യാസമൊന്നുമില്ല. മനഃശാസ്ത്രവും ആരോഗ്യവും ഫിലോസഫിയും പരസ്പരം കെട്ടുപിണഞ്ഞു കിടക്കുകയാണ്.

എന്തിനാണ് വ്യായാമം ചെയ്യുന്നതെന്നു ചോദിച്ചാൽ, നേരത്തെ ഞാൻ പറഞ്ഞു മാമോദീസായുടെ അനുഭവം മരണത്തിന്റെ അനുഭവമാണെന്ന്.

ഡിസിപ്ലിനെക്കുറിച്ച് സ്കോട്ട് ബക്ക് പറഞ്ഞിരിക്കുന്ന രണ്ടാമത്തെ കാര്യം ഉത്തരവാദിത്വമാണ്. ഉത്തരവാദിത്വം ഏറ്റെടുക്കുവാനുള്ള കഴിവാണത്. ചിലർ വലിയ ഉത്തരവാദിത്വക്കാരായിരിക്കും. ചിലർക്ക് ഒരു ഉത്തരവാദിത്വവും ഇല്ല. ഇതിനു ബാലൻസ് ഉണ്ടാക്കുകയെന്നതാണ് അച്ചടക്കത്തിന്റെ മൂന്നാമത്തെ കാര്യം.

ജീവങ്കലേക്കുള്ളവഴി ബാലൻസ്ഡാണ്. ആശാന്റെ നെഞ്ചത്താകാതെയും കളരിക്ക് പുറത്താകാതെയും നിൽക്കുകയെന്നതാണ് ബാലൻസ്ഡ്. ഇതിനെയെല്ലാം കേന്ദ്രീകരിക്കുന്നത് സ്നേഹം എന്ന വാക്കിലാണ്.

സെക്സിനെക്കുറിച്ചുള്ള ക്ലാസ്സിൽ കാമത്തെക്കുറിച്ചു കേൾക്കും, ഈശ്വാഭിമുഖ്യത്തിൽ ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ച് കേൾക്കും. സ്നേഹത്തിനു നൽകിയിരിക്കുന്ന നിർവ്വചനം ഒരു ആക്ടീവ് വേവാണ്.

ജീവിതം പ്രശ്നമാണ്. അതിനെ എങ്ങനെ നേരിടാമെന്നു തുടങ്ങുന്ന രീതിയിലാണ് സ്കോട്ട്ബക്ക് തന്റെ പുസ്തകം തുടങ്ങുന്നത്. കട്ടിലിൽ നിന്നും എഴുന്നേൽക്കുന്നതു തന്നെ പ്രോബ്ലമാണ്. കട്ടൻ കാപ്പി കിട്ടിയില്ലെങ്കിൽ, ബസ്സ്റ്റാൻഡിൽ അല്പം നിൽക്കേണ്ടിവന്നാൽ എല്ലാം പ്രശ്നമാണ്. നമ്മൾ ഉദ്ദേശിക്കുന്നതുപോലെ കാര്യങ്ങൾ നടന്നില്ലെങ്കിൽ പ്രശ്നമാണ്. ടെൻഷൻ ഉണ്ടാകുകയെന്നുള്ളത് സ്വാഭാവികമാണ്. അതിനോടുള്ള നമ്മുടെ പ്രതികരണം എപ്രകാരമായിരിക്കണം. സ്നേഹത്തിൽ സത്യം സംസാരിക്കുവാൻ വലിയ ബുദ്ധിമുട്ടാണ്.

വിവാഹം കഴിക്കാൻ പോകുന്നവർക്കുള്ള ട്രെയിനിംഗ് പ്രോഗ്രാ മിലെ കുട്ടികളോട് ഞാൻ ചോദിച്ചു വിശ്വസ്തതയുടെ കാര്യത്തിൽ നിങ്ങൾ എത്രപേർ സത്യസന്ധത പ്രകടിപ്പിക്കുന്നുവെന്ന്. ഒരാൾ ഒഴിച്ച് ബാക്കിയെല്ലാവരും കൈ ഉയർത്തി. കൈയുയർത്താത്തയാളിനോട് ഞാൻ ചോദിച്ചു എന്താണ് കാരണമെന്ന്. അവൻ പറഞ്ഞു സത്യം പറയുക എന്നതാണ് ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യമെന്ന്. ഒരാളെങ്കിലും സത്യം പറഞ്ഞതിൽ സന്തോഷിച്ചു. സങ്കീർത്തനത്തിൽ പറയുന്നുണ്ട്, അന്തർഭാഗത്തിലെ സത്യമല്ലോ നീ ഇച്ഛിക്കുന്നതെന്ന്. നമ്മളെല്ലാം കുഞ്ഞുങ്ങളായിട്ട് ജനിച്ചവരാണ്. അതുകൊണ്ട് നമ്മളിലെ സത്ത എന്നു പറയുന്നത് ശിശുവാണ്. ആ ശിശുവിന്റെ ഭാവം നമ്മളിൽ കണ്ടെത്തുവാനായിട്ട് നമുക്ക് കഴിയണം. അപ്പോൾ മാത്രമെ ദൈവവുമായിട്ട് ബന്ധപ്പെടുവാൻ കഴിയുകയുള്ളു. വല്ല്യപ്പനായാലും വല്ല്യമ്മയായാലും ദൈവത്തിന്റെ മക്കളായിട്ടാണ് അറിയപ്പെടുന്നത്. സ്വർഗ്ഗീയ പിതൃത്വമാണ് നമ്മളെ സഹോദരങ്ങളാക്കുന്നത്. ഈ അനുഭവത്തിലേക്ക് നമ്മൾ കടന്നുവരണമെങ്കിൽ വളരെ അച്ചടക്കമുള്ളവരായിരിക്കണം. ആരോഗ്യത്തിന്റെ അനുഭവമതാണ്. എങ്ങനെയാണ് നമുക്കത് സാധിക്കുന്നത്. സ്നേഹത്തിലൂടെ മാത്രമെ അത് സാധിക്കുകയുള്ളു. സ്നേഹമെന്നു പറയുന്നത് ഞാൻ മാത്രം വളരുന്ന അനുഭവമല്ല. അച്ചടക്കമെന്നത് സ്നേഹത്തിൽ എങ്ങനെയാണ് ചെയ്യുന്നത്. സ്കോട്ട് ബക്ക് ഒരു നിയമം പറയുന്നുണ്ട്. അപ്രീയമായ ഒരു കാര്യം പറയണമെങ്കിൽ ഒരുപാട് ആലോചിച്ചിട്ടേ പറയാവു. ഞാൻ പറയുന്നത് കേൾക്കുന്നവർക്ക് ഇഷ്ടമാണോ എന്നാണ് ആദ്യം ആലോചിക്കേണ്ടത്. പറയേണ്ടത് അത്യാവശ്യമാണോ എന്ന് ആലോചിക്കണം. പറഞ്ഞാൽ ആർക്കെങ്കിലും പ്രയോജനം ഉണ്ടോയെന്ന് ആലോചിക്കണം. എങ്ങനെയായിരിക്കും അതിനോട് പ്രതികരിക്കുകയെന്നതാണ് നാലാമത്തെ കാര്യം. എനിക്ക് അയാളെക്കുറിച്ചുള്ള തോന്നലുകൾ തെറ്റിപ്പോകാനാണ് സാധ്യത എന്നുകൂടി ചിന്തിച്ചിട്ടുവേണം വേറൊരാളെ ഉപദേശിക്കാൻ ശ്രമിക്കേണ്ടത്.

അച്ചടക്കമെന്നു പറയുന്നത് ഒരു ഘടനയാണ്. ഡോക്ടർമാരെ പഠിപ്പിക്കുന്ന ചുമതലയും കൂടിയുണ്ട്. മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും ഒരു ധർമ്മമുണ്ട്. അവർ ത്യാഗം ചെയ്യേണ്ടവരാണ്. അപ്രീയമായ കാര്യങ്ങളിലൂടെ ശിക്ഷണബോധം നൽകുകയെന്നതാണത്. അവബോധത്തിലൂടെയേ ഇതു സാധിക്കുകയുള്ളു. അതിന് ദൈവ ത്തിന്റെ കൃപയുണ്ടാകണം.

പാതിരാത്രി പ്രാർത്ഥന തുടങ്ങുന്നത് ഉറക്കമില്ലാത്ത ഉണർവ്വുള്ളവനായ കർത്താവേ നിന്റെ ഉണർച്ചയെ കൊണ്ടാടുവാനായിട്ട് പാപത്തിന്റെ മുഴുകലിൽനിന്ന് എന്റെ ഉറക്കത്തിൽ നിന്നും എന്നെ ഉണർത്തേണമേ. ഈ അവബോധം നമ്മിലുണ്ടാകണം. അവബോധമില്ലായ്മയാണ് ദൈവത്തിന്റെ ഛായയിൽനിന്നും നമ്മെ അകറ്റുന്ന പാപം. 121-ാം സങ്കീർത്തനം അതാണ് നമ്മെ പഠിപ്പിക്കുന്നത്.

റിസേർച്ച് കുട്ടികളെ പഠിപ്പിക്കാറുണ്ട്. റീ സേർച്ചാണ് റിസേർച്ച്. വീണ്ടും വീണ്ടും പരിശോധിക്കലാണത്. ഒന്നും രണ്ടും വയസ്സിലാണ് നമ്മളിൽ സമൃദ്ധമായ കഴിവുണ്ടാകുന്നത്. ചോദ്യം ചോദിച്ച് നമ്മുടെ മാതാപിതാക്കളെ ബുദ്ധിമുട്ടിക്കാറുണ്ട്. മിണ്ടാതിരിക്ക് എന്ന് എന്നെങ്കിലും പറയും. അതുവരെയും ഞാൻ ചോദിച്ചുകൊണ്ടേയിരിക്കും. ആദ്യത്തെ താക്കീത് കിട്ടിത്തുടങ്ങുമ്പോൾ മുതൽ നാം ചോദ്യം കുറച്ചുകൊണ്ടുവരും. പിന്നീടത് കുറഞ്ഞുകുറഞ്ഞുവരും. ചോദിച്ചിട്ടു കാര്യമില്ലായെന്നുള്ള തലത്തിലെത്തും. ചോദ്യം ചോദിക്കുവാനുള്ള നമ്മുടെ കഴിവ് നമ്മിൽ നിന്നും നഷ്ടപ്പെട്ടുപോകുന്നു. ചോദ്യത്തിനുമാത്രമേ ഉത്തരം കിട്ടുകയുള്ളു. ഉത്തരം കിട്ടിയെങ്കിൽ മാത്രമെ അവബോധം ഉണ്ടാകുകയുള്ളു. എന്റെ സഹായം എവിടെനിന്നു വരും. മയങ്ങുകയും ഉറങ്ങുകയുമില്ലാത്തവനായ യഹോവയിൽ നിന്നുംവരുന്നു. എല്ലാ ചോദ്യങ്ങളും ചോദിക്കുവാൻ കഴിയുന്നത് ദൈവത്തോടുമാത്രമാണ്. ഡോക്ടർമാരോട് ഒട്ടും ചോദിക്കാൻ പറ്റില്ല. യാതൊരു ക്ഷമയുമില്ല. പിന്നെന്തിനാണ് ഇങ്ങോട്ട് വന്നതെന്ന് ചോ ദിക്കും.

സുവിശേഷത്തിൽ പലഭാഗത്തും കർത്താവ് ചോദിക്കുന്നുണ്ട്, നിനക്ക് എന്താണ് വേണ്ടതെന്ന്. പ്രത്യേകിച്ച് കുരുടനെ സൗഖ്യമാക്കുമ്പോൾ ചോദിക്കുന്നുണ്ട്. യേശുവേ ദാവീദുപുത്രാ, എന്നോട് കരുണ ഉണ്ടാകണമേയെന്ന് കുരുടൻ പറയുന്നുണ്ട്. ഞാൻ എന്താണ് നിനക്ക് ചെയ്യേണ്ടതെന്ന് കർത്താവ് ഓരോരുത്തരോടും ചോദിക്കുന്നുണ്ട്. നമ്മുടെ ഉള്ളിലുള്ള അവബോധമാണത്. അത് തിരിച്ചറിയുവാൻ കഴിയണം. കർത്താവ് പൗലോസ് അപ്പസ്തോലനോട് പറഞ്ഞത് എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നുവെന്നാണ്.

വേദനയില്ലാത്ത ഒരുവന് ദൈവത്തെക്കൊണ്ട് ആവശ്യമില്ല. ദൈവത്തിന്റെ പ്രവർത്തനം നമ്മളിലെ പ്രവർത്തനത്തിനോടൊപ്പമാകുമ്പോഴാണ് ദൈവം നമ്മളിൽ ജീവിക്കുന്നത്. നമ്മുടെ അവബോധം എന്നു പറയുന്നത് നമ്മുടെ കുറവുകളെക്കുറിച്ചാണ്.

ഒരാൾ സെൻബുദ്ധിസം പഠിക്കുവാനായിട്ട് അതിന്റെ ആചാര്യന്റെ അടുക്കൽ പോയി. ആചാര്യൻ പീഠത്തിലിരിക്കുന്നു. കടന്നുവരുന്നവരോട് അകത്തേക്ക് കടന്നുപോകാൻ പറയുകയാണ്. അവിടെയാണ് പഠനശാല. അകത്ത് എല്ലാസുഖസൗകര്യങ്ങളുമുണ്ട്. ഒരുമാസം അയാൾ അവിടെ താമസിച്ചു. ഇതുവരെയും ഒന്നും പഠിപ്പിച്ചില്ലല്ലോ എന്ന് ചിന്തിച്ചു. ഗുരുവിന്റെ അടുക്കൽ ചെന്നു. അപ്പോഴും പറഞ്ഞു. അകത്തേക്കു പോയ്ക്കൊള്ളുവാൻ. ഒരാഴ്ച കഴിഞ്ഞപ്പോൾ വീണ്ടും അസ്വസ്ഥനായി. വീണ്ടും ചെന്നു. നാളെ എന്തായാലും ചോദിക്കും. പിറ്റേദിവസം ഗുരുവിന്റെ അടുത്തു ചെന്നു. എന്നോട് എന്തെങ്കിലും പറയണമെന്നു പറഞ്ഞു. അപ്പോൾ ആചാര്യൻ പറഞ്ഞു. ഇപ്പോഴാണ് പഠിക്കുവാൻ നീ പാകമായതെന്ന്.

ഒന്നാമത്തെ പാഠമിതാണ്. ഉറങ്ങുന്നതു കണ്ടാൽ ഞാൻ അടിക്കും. ഞാൻ ഉറങ്ങുന്നതുകണ്ടാൽ നിനക്കും അടിക്കാം. എത്ര ലളിതമായ പാഠം. ഒരു വ്യവസ്ഥയുണ്ട്. അടി തുടങ്ങിയാൽ നിർത്തിക്കൊള്ളാൻ പറഞ്ഞാൽ നിർത്തിക്കൊള്ളണം. വീണ്ടു അകത്തുപോയി നല്ലഭക്ഷണമൊക്കെ കഴിച്ചു. ഉറക്കമായി. ആചാര്യൻ വന്നതു കണ്ടു. അടിതുടങ്ങി. കുറേ അടികിട്ടി കഴിഞ്ഞപ്പോഴാണ് ഓർത്തത് മതിയെന്നു പറഞ്ഞാൽ മതിയായിരുന്നുവല്ലോയെന്ന്. ഗുരു തിരിച്ചുപോയി. ശിഷ്യന് വാശിയായി. ഗുരുവുറങ്ങുന്നതും നോക്കി നടപ്പായി.

ഒരു ദിവസം കണ്ടെത്തി. ഗുരു തോട്ടത്തിലുള്ള ഒരു കല്ലിൽ ഇരുന്നു ഉറങ്ങുന്നു. ഇതുതന്നെ അവസരം. ഗുരുവിന്റെ അടുത്തെത്തി. വടിയുയർത്തി അടിക്കുവാൻ തുടങ്ങിയപ്പോഴേയ്ക്കും മതിയെന്ന് ഗുരു പറഞ്ഞു. ഇതാണ് അവബോധം.

നമ്മുടെ ഉള്ളിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള അറിവുണ്ടാകണം. ആ അവബോധം നമ്മിൽ ഉണ്ടാക്കി തരുന്നത് മയങ്ങുകയും ഉറങ്ങുകയും ചെയ്യാത്ത ദൈവമാണ്. ഹാനോക്ക് ദൈവത്തിന്റെ കൂടെ നടന്നു എന്നു കേട്ടിട്ടുണ്ട്. പരുമലതിരുമേനിയുടെ മദ്ധ്യസ്ഥതയിൽ കൂടിയിരിക്കുകയാണ് നാമിവിടെ. അവരൊക്കെ ദൈവത്തിന്റെ കൂട്ടത്തിൽ നടന്നവരാണ്. ദൈവത്തോടുള്ള അവബോധത്തിൽ ജീവിച്ചവരാണ്. ഞാൻ ക്രിസ്തുവിന്റെ അനുയായിയായിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരികളാകുവിൻ എന്ന് പൗലോസ് അപ്പസ്തോലൻ പറയുന്നുണ്ട്. ഒരുപക്ഷേ പരുമല തിരുമേനി നമ്മോടു പറയുന്നതും അതുതന്നെയായിരിക്കും. നമ്മുടെ ശാരീരികമായ ആവശ്യങ്ങൾക്കുവേണ്ടി മധ്യസ്ഥത അപേക്ഷിക്കും. ഈ ശാന്തമായ അന്തരീക്ഷത്തിൽ അല്പനേരം ഇരുന്നുപോകുമ്പോൾ നമ്മുടെ ഉള്ളിൽ ഒരു പ്രത്യേകതയുണ്ടാകും.

വേദന ദൈവം നൽകുന്ന സമ്മാനമാണ്. രോഗത്തിൽ നിന്നും പലപ്പോഴും വിടുവിക്കുന്നത് ഈ വേദനയാണ്. സന്തോഷത്തിനേക്കാൾ പതിന്മടങ്ങാണ് വേദന. അച്ചടക്കമില്ലായ്മയാണ് മാനസികരോഗത്തിന് കാരണം. വേദനാജനകമായ കാര്യങ്ങളോടുള്ള നമ്മുടെ പ്രതികരണത്തെ ആശ്രയിച്ചാണ് അച്ചടക്കമുണ്ടാകുന്നത്. മനസ്സിന്റെ തോന്നലുകളാണ് ശരീരത്തിൽ പ്രതിഫലിക്കുന്നത്. ഒരു കോശത്തിന് മനസ്സില്ല. മറ്റെല്ലാ കോശത്തിനും മനസ്സുണ്ട്. ഇതൊക്കെ മനസ്സിലാക്കണമെങ്കിൽ നമ്മളിൽ അവബോധം വേണം. അവബോധം എന്നു പറയുന്നത് നമ്മിലുള്ള ദൈവം തന്നെയാണ്. മയങ്ങുകയും ഉറങ്ങുകയും ചെയ്യാത്ത അവസ്ഥയാണത്. ദൈവത്തോടൊപ്പം നടക്കുന്ന അവസ്ഥയാണ് അവബോധം. എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയായവനാണെന്നു പറയുവാൻ കഴിയുന്നതിനു പിന്നിൽ ദൈവത്തോടൊപ്പം നടക്കുന്ന അനുഭവമാണ്.

നമ്മിലെല്ലാം കുറവുള്ളവരാണ്. എന്നാൽ ആ കുറവുകളിലെല്ലാം ദൈവത്തിന്റെ ശക്തി വ്യാപരിച്ച് അതിനെ ലഘൂകരിക്കുന്നുണ്ട്. ദൈവത്തിന്റെ സന്നിധിയിലേക്ക് നാം അതൊക്കെ വിട്ടുകൊടുക്കുമ്പോഴേയ്ക്കും അതിനൊരു മാറ്റം സംഭവിക്കും. പെട്ടെന്നത് നമുക്ക് മനസ്സിലാകണമെന്നില്ല. ക്വാണ്ടം ഫിസിക്സും പറയുന്നത് അതുതന്നെയാണ്. എല്ലാം ശൂന്യതയാണെന്നാണ് പറയുന്നത്. ഇന്ത്യൻ ചിന്ത പറയുന്നത് എല്ലാം മായയെന്നാണ്. സഭാപ്രസംഗി പറയുന്നു സകലതും മായയെന്ന്. ഇതൊക്കെ ശരീരത്തിൽ നാം അനുഭവിക്കുന്നുണ്ട്. എവിടെയാണ് നമ്മളിൽ ശൂന്യതയെന്നു നാം സംശയിക്കുന്നുണ്ടാവും. നമ്മൾ എന്നു പറയുന്നത് ഈ വെറും ശരീരമല്ല. ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടവരാണ്. ഈ ഒരു ജീവിതത്തിൽ കൂടി കടന്ന് ജീവിക്കുന്ന ദൈവത്തിനായിട്ട് ദാഹിക്കുന്ന മനസ്സാണുണ്ടാകേണ്ടത്. അമ്മയുടെ ശരീരത്തിൽ നിന്നും വേർപിരിഞ്ഞ സമയം മുതൽ നമ്മൾ അതോടൊപ്പം മറ്റൊന്നുകൂടിയാണ്. അത് നാം തിരിച്ചറിയണം. ശരിയായ വഴിയിലൂടെ നാം നടക്കാൻ ശീലിക്കുന്നതിന്റെ ഭാഗമായിട്ടുള്ള ചെറിയ തടസ്സങ്ങളാണ് ചെറിയ വേദനകളും പ്രയാസങ്ങളും. അതിനെ തിരിച്ചറിഞ്ഞ് ധീരമായിട്ട് മുന്നോട്ടു പോകുമ്പോൾ കൂടുതൽ കൂടുതൽ ദൈവത്തിങ്കലേക്കാണ് അടുക്കുന്നത്. അങ്ങനെ വരുമ്പോൾ നമ്മുടെ ജീവിതംകൊണ്ട് അനേകർക്ക് പ്രയോജനം ഉണ്ടാകും.

സ്വാർത്ഥതയോടെ ജീവിക്കുമ്പോൾ നമ്മിലേക്ക് തന്നെ ചുരുങ്ങിപ്പോകുന്നു. അതുകൊണ്ട് നമുക്കും പ്രയോജനമില്ല, മറ്റുള്ളവർക്കും പ്രയോജനമില്ല.

നാം ഇവിടെ കൂടിവന്നിരിക്കുന്നത് പരുമലതിരുമേനിയുടെ മദ്ധ്യസ്ഥതയിലാണ്. നമ്മുടെ പ്രശ്നങ്ങളും പ്രയാസങ്ങളുമെല്ലാം ദൈവസന്നിധിയിൽ സമർപ്പിക്കുവാനായിട്ട് ദൈവം നമ്മോട് എന്താണ് പറയുന്നത്. ഓരോരുത്തർക്കും ഓരോ പ്രശ്നമാണ്. ഒരാൾ കാണുന്നതുപോലെയല്ല മറ്റൊരാൾ ഒരേ പ്രശ്നത്തെ കാണുന്നത്. ആരും പറയാത്ത ന്യായീകരണങ്ങൾ നമ്മിലുണ്ടാകും. അപ്പോഴാണ് ഉപദേശങ്ങൾ കേൾക്കാൻ നാം മടിക്കുന്നത്. ഞാൻ പറയുന്നത് മനസ്സിലാകില്ലായെന്നു പറയും. ശരിയാണ് എല്ലാം മനസ്സിലാക്കുന്ന ഒരാളേയുള്ളു. ആ ഒരു അനുഭവം ഉണ്ടാകണം. നാം നമ്മെക്കുറിച്ച് ധരിച്ച്, അല്ലെങ്കിൽ മറ്റുള്ളവരെ ധരിപ്പിക്കാൻ ശ്രമിക്കുന്ന ഒരു രീതിയാണ് നമുക്കുള്ളത്. അന്തർഭാഗത്തെ സത്യത്തെ മനസ്സിലാക്കുവാൻ കഴിയണം.

# എന്തരോ... മഹാനുഭാവലു..



ഡോ.മണക്കാല ഗോപാലകൃഷ്ണൻ



*"എന്തരോ മഹാനുഭാവുലൂ അന്തരീകി വന്ദനമു*
*ചന്തുരു വർണുനിയന്താ....*
*ചന്തമുനു ഹൃദയാരവിന്ദമുനജുജി*
*ബ്രഹ്മാനന്ദ മനുഭവിഞ്ചുവ*

(ഈ ലോകത്തിൽ) എത്ര മഹാന്മാരുണ്ടോ അവർക്കെല്ലാവർക്കും (എന്റെ) നമസ്കാരം

താന്താങ്ങളുടെ ഹൃദയകമലത്തിൽ ചന്തവും കാന്തിയുമുള്ള ചന്ദ്രനെ (ചന്ദ്രവദനനായ ഭഗവാനെ) കണ്ടിട്ടു പരമാനന്ദമനുഭവിക്കുന്നവരാണ്.

ശ്രീ ത്യാഗരാജസ്വാമികൾ അനുഭവിച്ചറിഞ്ഞ ഈ സത്യം കോടിക്കണക്കിന് ജനങ്ങളിലേക്കെത്തിക്കാൻ ഒരു നിയോഗം പോലെ സംഗീതചക്രവർത്തിയായ മംഗലംപള്ളി ബാലമുരളീകൃഷ്ണയ്ക്ക് കഴിഞ്ഞു.

വാഗ്ഗേയകാരൻ, ഗായകൻ, സംഗീതസംവിധായകൻ, പുല്ലാംകുഴൽ വിദ്വാൻ. വയോളവിദ്യാൻ, മൃദംഗവിദ്വാൻ, വയലിൻ വാദകൻ, ഗഞ്ചിറവാദകൻ എന്നിങ്ങനെ വൈവിധ്യമാർന്ന സിദ്ധികൾ പ്രകടിപ്പിച്ച സകലകലാവല്ലഭൻ എന്ന പേര് അന്വർത്ഥമാക്കിയ ഒരു സമ്പൂർണ്ണകലാകാരനായിരുന്നു അന്തരിച്ച ഡോ. ബാലമുരളികൃഷ്ണ.

ആന്ധ്രാപ്രദേശിലെ പൂർവ്വഗോദാവരിയിലുള്ള ശങ്കരഗുപ്തം എന്ന ഗ്രാമമാണ് ഡോ.ബാലമുരളീകൃഷ്ണയുടെ ജന്മം കൊണ്ട് ധന്യമായിട്ടുള്ളത്. 1930 ജൂലൈ 6 ന് സംഗീതജ്ഞനായ പട്ടാഭിരാമയ്യയുടെയും വൈണികവിദൂഷി സൂര്യകാന്തമ്മയുടെയും മകനായി ജനിച്ച മുരളീകൃഷ്ണ ബാല്യകാലത്തു തന്നെ സംഗീതാഭിരുചി പ്രകടിപ്പിക്കുകയും പിതാവിൽനിന്ന് സംഗീതം അഭ്യസിച്ച് തുടങ്ങുകയും ചെയ്തു. തുടർന്ന് ത്യാഗരാജസ്വാമികളുടെ ശിഷ്യപരമ്പരയിൽപ്പെട്ട പാരിപ്പള്ളി രാമകൃഷ്ണയ്യ പന്തലുവിൽ നിന്ന് സംഗീതാഭ്യസനം നേടിയ അദ്ദേഹം 8-ാം വയസ്സിൽ തന്നെ ആദ്യകച്ചേരി നടത്തി അരങ്ങേറ്റം കുറിച്ചു വിജയവാഡയിലെ ത്യാഗരാജാരാധനാവേദിയിലായിരുന്നു ഈ അരങ്ങേറ്റം. ഹിരകഥാവിദഗ്ധനായ മസുനൂരി സത്യനാരായണ ഈ കച്ചേരികേട്ട് അത്ഭുതപ്പെടുകയും 'ബാലമുരളീകൃഷ്ണ' എന്ന് വിളിച്ച് അനുഗ്രഹിക്കുകയും ചെയ്തു. അന്നുമുതൽക്കാണ് അദ്ദേഹം ബാലമുരളീകൃഷ്ണ എന്നറിയപ്പെട്ടു തുടങ്ങിയത്. 15 വയസ്സിനുമുമ്പു തന്നെ 72 മേളകർത്താരാഗങ്ങളിലും മികവുനേടിയ അദേഹം വിവിധ വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിലും വ്യുത്പത്തിനേടി. സ്കൂൾ പഠനംപോലും ഉപേക്ഷിച്ച് സംഗീതസാഗരത്തിൽ നീന്തിത്തുടിച്ച അദ്ദേഹം അചിരേണ ലോകം മുഴുവൻ സംഗീതസാന്ദ്രമാക്കുകയും സംഗീതലോകത്തെ വൈവിധ്യമാർന്ന കർമ്മരംഗങ്ങളിൽ പ്രാഗത്ഭ്യം തെളിയിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ 21-ാം വയസ്സിൽ പ്രസിദ്ധീകരിച്ച 'ജനകരാജരഞ്ജ്ജിനി' യെന്ന കൃതി സംഗീതവിദ്യാർത്ഥികൾക്കും ഗവേഷകർക്കും ഏറ്റവും പ്രയോജനപ്പെടുന്നതായിരുന്നു. 25-ഓളം രാഗങ്ങൾ ആണ് അദ്ദേഹം സ്വന്തമായി കണ്ടെത്തി നാമകരണം ചെയ്ത് അവതരിപ്പിച്ചത്. അവയിലെല്ലാം കൃതികൾ രചിച്ച് പ്രചരിപ്പിക്കുകയും ചെയ്തു. ലവാംഗി, ഗണപതി, സർവ്വശ്രീ, മഹതി, സിദ്ധി, സുമുഖം, ഓംകാരി, ത്രിശക്തി, ജനസംബോധിനി, രോഹിണി, മനോരമ, വല്ലഭി, മോഹനഗന്ധി, കാളിദാസ, ചന്ദ്രിക, അശ്വിനി എന്നിങ്ങനെയാണ് അവയ്ക്ക് അദ്ദേഹം നൽകിയ പേരുകൾ കൂടാതെ ത്രിമുഖി, പഞ്ചമുഖി, സപ്തമുഖി, നവമുഖി എന്നീ താളങ്ങളും അദ്ദേഹം ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

ജാവലി, തില്ലാന, വർണ്ണങ്ങൾ, കീർത്തനങ്ങൾ തുടങ്ങി നാനൂറിലേറെ കൃതികൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. 'മുരളി' എന്ന മുദ്രയാണ് അദ്ദേഹത്തിന്റെ സംഗീതകൃതികളിൽ ഉപയോഗിച്ചിരിക്കുന്നത്. ഇരുപത്തയ്യായിരത്തിൽപരം വേദികളിൽ അദ്ദേഹം സംഗീതപരിപാടികൾ നടത്തിയിട്ടുണ്ട്. ശാസ്ത്രീയസംഗീതം ജനകീയമാക്കുന്നതിൽ വളരെ വലിയ പങ്കാണ് അദ്ദേഹം വഹിച്ചിട്ടുള്ളത്. പണ്ഡിതസദസ്സുകളിലും, സർവ്വകലാശാലകളിലുമൊക്കെ നടത്തിയ നൂറുകണക്കിന് സംഗീതസംബന്ധിയായ പ്രഭാഷണങ്ങൾ വിസിറ്റിംഗ് പ്രൊഫസർ (visiting professor) ആയി വിവിധ സംഗീതകോളേജുകളിലും അക്കാദമികളിലും നടത്തിയ സോദാഹരണക്ലാസുകൾ, പ്രശസ്തകാവ്യങ്ങളിലെ മനോജ്ഞമായ സംഗീതാവിഷ്കരണങ്ങൾ (ഉദാ: ടാഗോറിന്റെ ഗീതാഞ്ജലി ബ്രിട്ടീഷ് കൊയർ വേദിയിൽ അവതരിപ്പിച്ചത്) എന്നിവയിലൂടെ അദ്ദേഹം കർണ്ണാടകസംഗീതത്തിന് അനുവാചകഹൃദയങ്ങളിൽ ആഴത്തിൽവേരോട്ടം ഉണ്ടാക്കി. മലയാളം, തമിഴ്, തെലുങ്ക്, കന്നട, സംസ്കൃതം, ഹിന്ദി, ബംഗാളി, ഓറിയ, മറാട്ടി എന്നീ ഭാഷകളിലായി അദ്ദേഹം സംഗീതസംവിധാനം ചെയ്ത ചലിച്ചിത്രഗാനങ്ങൾ ലക്ഷക്കണക്കിന് ഭാരതീയർ ഏറ്റുപാടി.

ഹിന്ദുസ്ഥാനിസംഗീതവിദ്വാനായിരുന്ന പണ്ഡിറ്റ് ഭീംസെൻജോഷിയോടൊപ്പം ചേർന്ന് ഹിന്ദുസ്ഥാനി-കർണ്ണാടകസംഗീതധാരകളുടെ മനോഹരമായ ഒരു സമന്വയം സാധിച്ചെടുത്തത് ആസ്വാദകർ ഒരിക്കലും മറക്കുകയില്ല. സിന്ദുഭൈരവിരാഗത്തിന്റെ ഭാരതത്തിന്റെ അങ്ങോളമിങ്ങോളം നടപ്പിലുള്ള വിവിധ ആലാപന ശൈലികൾ കൂട്ടിച്ചേർത്ത് തയാറാക്കിയ "മിലേസൂർ മേരാ തൂമാരാ..." എന്ന ഗാനത്തിലും പ്രമുഖ ഉത്തരേന്ത്യൻ സംഗീതവിദ്വാൻമാരായ കിഷോരി അമോംഗർ, പുല്ലാംകുഴൽവിദ്വാനായ ഹരിപ്രസാദ് ചൗരസ്യ, പണ്ഡിറ്റ് ജസ്രാജ്, റോണു മജുംദാർ എന്നിവരുമായി ചേർന്ന് നടത്തിയ ജുഗൽബന്ദിയിലുമെല്ലാം ഡോ.ബാലമുരളീകൃഷ്ണയുടെ സംഗീതാവബോധവും ഭാരതീയസംഗീതത്തിനുവേണ്ടിയുള്ള അർപ്പണമനോഭാവവും നമുക്ക് കാണാം. പൂരന്ദരദാസർ അന്നമാചാര്യർ, സദാശിവ ബ്രഹ്മേന്ദ്രർ, ഭദ്രാചലം രാമദാസർ എന്നിവരുടെ കൃതികളിലെ സാരാംശം ഉൾക്കൊണ്ട് പാടി പ്രചരിപ്പിക്കാൻ അദ്ദേഹത്തിനായി.

സംഗീതത്രിമൂർത്തികളായിരുന്ന ശ്രീ ത്യാഗരാജസ്വാമികൾ, ശ്രീ ശ്യാമാശാസ്ത്രികൾ, ശ്രീ മുത്തുസ്വാമി ദീക്ഷിതർ എന്നിവരുടെ പല കൃതികളും കാലാനുവർത്തിയാക്കുന്നതിൽ അദ്ദേഹത്തിന്റെ പങ്ക് ചെറുതല്ല. 'സംഗീതമേ ജീവിതം' എന്ന പ്രയോഗം നൂറ് ശതമാനവും അന്വർത്ഥമാക്കിയ ഒരു മഹാൻ തന്നെയായിരുന്നു അദ്ദേഹമെന്ന് നിസ്സംശയം പറയാം.

സ്കൂൾ വിദ്യാഭ്യാസത്തിന് കൂടുതൽ ചെലവഴിച്ചില്ലെങ്കിലും ഒമ്പത് സർവ്വകലാശാലകളിൽ നിന്നും ഡോക്ടറേറ്റ് പദവിയും, സംഗീതസർവ്വകലാശാല പ്രൊഫ. വൈസ് ചാൻസലർ സ്ഥാനവും വിജയവാഡ സംഗീതകോളേജിന്റെ പ്രിൻസിപ്പൽ കസേരയും അദ്ദേഹത്തെ തേടിയെത്തി. ആകാശവാണി വിജയവാഡ സ്റ്റേഷനിലും ചെന്നൈ കേന്ദ്രത്തിലും ധാരാളം സംഗീതപരിപാടികൾക്ക് അദ്ദേഹത്തിന്റെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ആകാശവാണിയിലെ ഏഴു മേഖലകളിൽ 'എ' ടോപ്പ്, എ. ഗ്രേഡ് ("A top", "A grade") നേടിയിട്ടുള്ള കലാകാരൻ എന്ന റെക്കോർഡും അദ്ദേഹത്തിന് സ്വന്തം ഇലക്ട്രോണിക് തംബുരു ഉപയോഗിച്ച് പാടാൻ ധൈര്യം കാണിച്ച ആദ്യ സംഗീതവിദ്വാനും അദ്ദേഹമാണെന്നു പറയാം!

ഒരു സംഗീതകാരന് ലഭിക്കാവുന്ന ഒട്ടുമിക്ക ബഹുമതികളും അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്. പത്മശ്രീ, പത്മഭൂഷൻ, പത്മവിഭൂഷൻ, ഫ്രഞ്ച് സർക്കാരിന്റെ ഷൈവലിയർ (ഓർഡർ ഓഫ് ആർട്ട്സ് & ലൈറ്റേഴ്സ്), കാളിദാസ സമ്മാൻ, സംഗീത കലാനിധി, സ്വാതീ പുരസ്കാരം... എന്നിങ്ങനെ നീളുന്നു- അദ്ദേഹത്തിന് കിട്ടിയ ബഹുമതികൾ. ഇതിനേക്കാളൊക്കെ വലുതാണ് ജനഹൃദയങ്ങളിൽ അദ്ദേഹത്തിനു നേടാൻ കഴിഞ്ഞ ആരാധനഭാവവും ആദരവും.

കമലാകൈലാസനാഥൻ മുതൽ കമലഹാസൻ വരെ എത്തി നിൽക്കുന്ന വൈവിധ്യമാർന്ന ശിഷ്യസമ്പത്തിന്റെ ഉടമയാണ് അദ്ദേഹം.

തിരുവിതാംകൂർ രാജവംശത്തിലെ അശ്വതിതിരുന്നാൾ രാമവർമ്മ, മലയാള ചലച്ചിത്രസംവിധായകൻ ശരത്ത്, പ്രശസ്ത ഗായകരായ അമ്പിളിക്കുട്ടൻ, കൃഷ്ണകുമാർ തുടങ്ങി ഒരുപിടി ശിഷ്യർ കേരളത്തിലും അദ്ദേഹത്തിനുണ്ട്. കൂടാതെ സംഗീത കോളേജുകളിൽ വിസിറ്റിംഗ് പ്രൊഫസർ (visiting professor) ആയി വന്നിട്ടുള്ളതിനാൽ അനേകം സംഗീതവിദ്യാർത്ഥികൾക്കും അദ്ദേഹത്തിന്റെ ശിഷ്യത്വം അനുഭവിക്കാൻ ഭാഗ്യമുണ്ടായിട്ടുണ്ട്. (അദ്ദേഹം ശ്രീ സ്വാതിതിരുന്നാൾ സംഗീതകേളേജിൽ വിസിറ്റംഗ് പ്രൊഫസറായി എത്തിയപ്പോൾ ഈ ലേഖകനേയും മനോധർമ്മസ്വരം പാടിച്ച് പ്രോത്സാഹിപ്പിച്ചത്- ഭക്ത്യാദരപൂർവ്വം ഓർക്കുന്നു) കേരളത്തിൽ സർവ്വശ്രീ ശ്രീ ബി. ശശികുമാർ, മാവേലിക്കര വേലുക്കുട്ടിനായർ, ബി.ഹരികുമാർ, എസ്.ആർ.വിനു, ഇടപ്പള്ളി അജിത്ത്, എസ്.ആർ.മഹാദേവശർമ്മ, തൃപ്പുണിത്തുറ രാധാകൃഷ്ണൻ തുടങ്ങി ഒട്ടേറെ പ്രഗത്ഭർ പക്കമേളമൊരുക്കി അദ്ദേഹത്തിന്റെ സ്നേഹവാത്സല്യങ്ങൾക്ക് പാത്രമായിട്ടുണ്ട്.

ഭാര്യ അന്നപൂർണ്ണയും മൂന്ന് ആൺമക്കളും മൂന്നു പെൺമക്കളുമടങ്ങിയതാണ് അദ്ദേഹത്തിന്റെ കുടുംബം.

പരമ്പരാഗത സംഗീതാവതരണങ്ങളിൽ നിന്നു വ്യത്യസ്തമായി രാഗാലാപനശൈലിയിലും മറ്റും പല മാറ്റങ്ങൾ വരുത്തിയ ഒരു വിപ്ലവകാരിയായിരുന്നു അദ്ദേഹമെന്നു പറയാം. ചലച്ചിത്രഗാനങ്ങൾ ഉൾപ്പെടെയുള്ള ജനകീയസംഗീതരീതികളോട് മറ്റുപല വിദ്വാന്മാരെയും പോലെ പുറംതിരിഞ്ഞു നിൽക്കാൻ അദ്ദേഹം തയാറായില്ല. കർണ്ണാടകസംഗീതത്തിന്റെ ഭാവിനില നില്പുകൂടി മനസ്സിൽ കണ്ട് അതിനുവേണ്ട പരിഷ്കരണങ്ങൾ വരുത്തുന്നതിലും അദ്ദേഹം ശ്രദ്ധിച്ചു.

വിവിധ സ്ഥായികളിൽ അനായാസം ആലാപനം നടത്താൻ കഴിയുമായിരുന്ന ആ അപൂർവ്വ പ്രതിഭാശാലി അനുകരണീയമായ തന്റെ ആലാപനശൈലികൊണ്ട് കർണ്ണാടകസംഗീതലോകത്തെ ഏകച്ഛത്രാധിപതിയായി ത്തീർന്നു. സാധാരണക്കാരായ മനുഷ്യരെ ശാസ് ത്രീയസംഗീതത്തിലേയ്ക്ക് ആകർഷിപ്പിച്ച് സംഗീതാസ്വാദകരാക്കി അവരുടെ മനസ്സിന് ശാന്തിയും സമാധാനവും നൽകിയ അദ്ദേഹം കർണ്ണാടകസംഗീതത്തിന്റെ ഉന്നമനത്തിന് ഏറ്റവുമധികം സംഭാവനകൾ നൽകിയ ഒരു ചരിത്രപുരുഷൻ എന്ന നിലയിൽ ആദരിക്കപ്പെടും തീർച്ച.




നവമാധ്യമങ്ങൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമായിട്ടുണ്ട്. പ്രായം അതിനൊരു മാനദണ്ഡമല്ലാതായിരിക്കുന്നു. ഫേസ് ബുക്ക്, വാട്ട്സാപ്പ് തുടങ്ങിയ മാധ്യമങ്ങളിലൂടെ കടന്നു പോകുമ്പോൾ ചില ആശയങ്ങളിലോ ചിത്രങ്ങളിലോ നമ്മുടെ ശ്രദ്ധ പതിയാറുണ്ട്. എന്നാൽ അത് ആരാണ് പോസ്റ്റ് ചെയ്തതെന്നോ, ഷെയർ ചെയ്തതെന്നോ നാം ശ്രദ്ധിക്കാറില്ല. അത്തരത്തിലുള്ള പോസ്റ്റുകൾക്ക് ഉടമസ്ഥതയും അവകാശപ്പെടാൻ കഴിയാറില്ല.

അതങ്ങനെ പ്രചരിക്കുന്നു. അതിൽ ചിലത് ഇവിടെ പുനപ്രദ്ധീകരിക്കുകയാണ്. ചിരിക്കാനും ചിന്തിക്കാനും ചിലത് നമ്മേ പ്രേരിപ്പിക്കുന്നു. ചിലത് വൈജ്ഞാനികമാകുന്നു.

\- ചീഫ് എഡിറ്റർ











Chief Editor: George Thazhakara Tel 94473 55710, 8921587848 e-mail:georgethazhakara@gmail.com.
Indian Office: Mitranikethan, Mavelikara 690 102, Kerala, India.